# തുഞ്ചത്തെഴുത്തച്ഛൻ

| പുസ്തകം 11 | 1960 ജൂലായി | ലക്കം 3 |
|---|---|---|

## പ്രാർത്ഥന

തത്വത്തിനുള്ളിലുദയം ചെയ്തിരുന്ന പൊരു–
ളെത്തീടുവാൻ ഗുരുപാദാന്തേ ഭജിപ്പവനു
മുക്തിക്കു തക്കൊരുപദേശം തരും ജനന–
മററീടുമന്നവനു നാരായണായ നമഃ!

## ആചാര്യസൂക്തികൾ

### മുക്തിമാർഗ്ഗം

സാധുസംഗതിതന്നെ മോക്ഷകാരണമെന്നു
വേദാന്തജ്ഞന്മാരായ വിദ്വാന്മാർ ചൊല്ലിടുന്നു
സാധുക്കളാകുന്നതു സമചിത്തന്മാരല്ലോ
ബോധിപ്പിച്ചീടുമാത്മജ്ഞാനവും ഭക്തന്മാർക്കായ്
നിസ്പൃഹന്മാരായ്‌വിഗതൈഷണന്മാരായ് സദാ
തൽഭക്തന്മാരായ് നിവൃത്താഖില കാമന്മാരായ്
ഇഷ്ടാനിഷ്ട പ്രാപ്തികൾ രണ്ടിനും സമന്മാരായ്
നഷ്ടസംഗന്മാരുമായ് സന്യസ്തകർമ്മാക്കളായ്
തുഷ്ടമാനസന്മാരായ് ബ്രഹ്മതൽപ്പരന്മാരായ്
ശിഷ്ടാചാരൈകപരായണന്മാരായി നിത്യം
യോഗാർത്ഥം യമനിയമാദിസമ്പന്നന്മാരാ–
യേകാന്തേ ശമദമസാധനയുക്തന്മാരായ്
സാധുക്കളവരോടു സംഗതിയുണ്ടാകുമ്പോൾ
ചേതസി ഭവൽക്കഥാ ശ്രവണേ രതിയുണ്ടാം
തൽക്കഥാ ശ്രവണേന ഭക്തിയും വർദ്ധിച്ചീടും
ഭക്തിവർദ്ധിച്ചീടുമ്പോൾ വിജ്ഞാനമുണ്ടായ്‌വരും
വിജ്ഞാനജ്ഞാനാദികൾകൊണ്ടു മോക്ഷവും വരും
ആകയാൽ തൽഭക്തിയും നിങ്കലെ പ്രേമവായ്പും
രാഘവാ! സദാ ഭവിക്കേണമേ ദയാനിധേ!

# "ഹിന്ദു ആര്?"

(ഒരു വിശദീകരണം)

(ആത്മാരാമൻ, കടമ്പനാൽ)

ഹിന്ദു, ഹൈന്ദവസംസ്കാരം, ഹിന്ദുമതം, ഹിന്ദുമതസമ്മേളനം—എന്നൊക്കെ ഇന്നാളുകൾ ആവർത്തിച്ചാവർത്തിച്ചു പറയുന്നുണ്ടു്; പ്രസംഗവേദിയിൽ കയറിനിന്നു ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ടു്. "ഹിന്ദു" എന്നതു അപമാനസൂചകമായ ഒരു വാക്കാണെന്നു വിചാരിക്കയും, അതിൻെറ പ്രാചീനതയെ സംബന്ധിച്ചു സന്ദേഹം പ്രകടിപ്പിക്കയും ചെയ്യുന്നവരും ഇല്ലാതില്ല. അതുകൊണ്ടു് അതിനെപ്പററി ഈ ലേഖനത്തിൽ നമുക്കല്പം ചിന്തിക്കാം. ഇത്തരുണത്തിൽ അതു സംഗതവുമായിരിക്കും.

"ഹിന്ദു" ശബ്ദത്തെ നിർവ്വചിച്ചുകൊണ്ടു് പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നതിങ്ങിനെയാണു്:—

"ശ്രുതിസ്മൃത്യാദി ശാസ്ത്രേഷു പ്രാമാണ്യബുദ്ധിമവലംബ്യ ശ്രുത്യാദിപ്രോക്ത ധർമ്മേ വിശ്വാസം നിഷ്ഠാം ച യഃ കരോതി സ ഏവ വാസ്തവ ഹിന്ദുപദ വാച്യഃ"

ശ്രുതിസ്മൃതിപുരാണേതിഹാസങ്ങളായ സനാതനധർമ്മശാസ്ത്രങ്ങളെ പ്രമാണങ്ങളായി അംഗീകരിച്ചുകൊണ്ടു്, അവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ധർമ്മത്തിൽ വിശ്വാസവും നിഷ്ഠയും പുലർത്തിക്കൊണ്ടു്, അവയെ അനുസരിച്ചും അനുവർത്തിച്ചും ജീവിക്കുന്നവനാരോ, അവനാണു് യഥാർത്ഥത്തിൽ "ഹിന്ദു" എന്ന പദത്തിനു അർഹനായിട്ടുള്ളവനെന്നു താല്പര്യം.

പിന്നെ, "ശ്രുത്യാദിപ്രോക്താനി സർവ്വാണി ദൂഷണാനി ഹിനസ്തീതി ഹിന്ദുഃ" എന്നും പറയുന്നുണ്ടു്. അതായതു്, ശ്രുത്യാദിപ്രോക്തങ്ങളായ സർവ്വവിധദൂഷണങ്ങളേയും ഹനിക്കുന്നവനാണു് "ഹിന്ദു"വെന്നു സാരം. ഇതിൽനിന്നു് ശാസ്ത്രവിഹിതങ്ങളായ കർമ്മങ്ങളനുഷ്ഠിക്കുകയും, ശാസ്ത്രനിഷിദ്ധങ്ങളായ കാര്യങ്ങൾ ചെയ്യാതിരിക്കുക മാത്രമല്ല, അവയെ നശിപ്പിക്കുകയും ചെയ്യുന്നവനാണു് ഹിന്ദുവെന്നു വരുന്നു.

പ്രാചീന ഗ്രന്ഥങ്ങളിലും "ഹിന്ദു"ശബ്ദം പ്രയോഗിച്ചു കാണുന്നുണ്ടു്. ഉദാഹരണത്തിനു്;—മേരു തന്ത്രത്തിൽ:—

ഹിന്ദുധർമ്മപ്രലോപ്താരോ
ജായന്തേ ചക്രവർത്തിനഃ
ഹീനം ച ദൂഷയത്യേവ
ഹിന്ദുരിത്യുച്യതേ പ്രിയേ!

ഹൈന്ദവധർമ്മത്തെ ലോപിപ്പിക്ക—നശിപ്പിക്ക— ന്നവരായി ഒട്ടുവളരെ ചക്രവർത്തിമാർ കൂടിയുണ്ടായേക്കാം. എന്നാൽ, അല്ലയോ പ്രിയേ! യാതൊരാൾ ഹീനവൃത്തികളേയും, ഹീനാചാരങ്ങളേയും (ദുർവൃത്തികളേയും ദുരാചാരങ്ങളേയും) നിന്ദ്യങ്ങളാണെന്നു കരുതി ദൂരെ ത്യജിക്കുന്നുവോ, അവൻ "ഹിന്ദു" എന്നു പറയപ്പെടുന്നു.

യവനൈരവനിഃ ക്രാന്താ
ഹിന്ദവോ വിന്ധ്യമാവിശൻ
ബലിനാ വേദമാർഗ്ഗോഽയം
കലിനാ കമ്പളീകൃതഃ

എന്നു ശാർങ്ഗധരപദ്ധതിയിൽ പറയുന്നുണ്ടു്. യവനന്മാർ ഈ ഭാരതഭൂമിയെ ആക്രമിച്ചു, ഇവിടെ അവരുടെ ആധിപത്യം ചെലുത്തി. അവരാൽ പീഡിതരായ ഹിന്ദുക്കൾ വിന്ധ്യാചലഗഹ്വരങ്ങളെ അഭയം പ്രാപിച്ചു. കഷ്ടം! കലികാലത്തിന്റെ ശക്തി കഠിനം തന്നെ; അതു ഇവിടത്തെ ശ്രേഷ്ഠമായ വൈദികമാർഗത്തെ വിഴുങ്ങിക്കളഞ്ഞു. ഏതാണ്ടു് ഇതേ അർത്ഥത്തിലുള്ള ഒരു പദ്യം കാലികാപുരാണത്തിലും കാണുന്നുണ്ടു്:—

ബലിനാ കലിനാഽച്ഛന്നേ
ധർമ്മേ കമ്പളിതേ കലൗ
യവനൈരവനിഃ ക്രാന്താ
ഹിന്ദീവോ വിന്ധ്യമാവിശൻ.

കലിയുഗത്തിൽ ബലവാനായ കലിയുടെ പ്രഭാവംകൊണ്ടു്, ധർമ്മം ആച്ഛാദിതവും അസ്തപ്രായവുമായിത്തീർന്നപ്പോൾ ഭാരതവർഷം യവനന്മാരുടെ അധികാരത്തിലാവുകയും, ഹിന്ദുക്കൾ വിന്ധ്യാഗിരിയിലേക്കു് വിടവാങ്ങുകയും ചെയ്തു. എന്നാണല്ലോ ഇതിന്റെ അർത്ഥം.

ശബ്ദകല്പദ്രുമകോശത്തിൽ, "ഹീനം ദൂഷയതി ഇതി ഹിന്ദുഃ" — ഹീനപ്രവൃത്തിയെ ദൂഷിതമാക്കുന്നവനാണു്—പരിത്യജിക്കുന്നവനാണു്—ഹിന്ദുവെന്നു പറയപ്പെടുന്നതു്, എന്നു പറയുന്നുണ്ടു്. "പൃഷോദരാദീനിയഥോ—പദിഷ്ടം; എന്ന പാണിനീ സൂത്രത്തെ അനുസരിച്ചാണു്, "ഹിന്ദു" ശബ്ദം സിദ്ധമാകുന്നതു്. "ഹിന്ദു" എന്നതു ഒരു ജാതിവിശേഷത്തിന്റെ പേരാണു്

"ഹിന്ദു ഹിന്ദൂശ്ച പ്രസിദ്ധൗ ദുഷ്ടാനാം ച വിധർഷണേ; രൂപശാലിനി ദൈത്യാരൗ," എന്നു അത്ഭുതകോശത്തിൽ പ്രതിപാദിച്ചു കാണുന്നു. അതായതു ഹിന്ദു, ഹിന്ദൂ, എന്ന ശബ്ദം ദുഷ്ടന്മാരെ വിധർഷണം (തിരസ്കരിക്കുക) ചെയ്യുന്നവരെന്ന അർത്ഥത്തിൽ പ്രസിദ്ധമാണു്; സൌന്ദര്യംകൊണ്ടു ശോഭിതരും, ദൈത്യന്മാരുടെ ശത്രുക്കളുമാണവർ; എന്നു സാരം.

# ധർമ്മം

കെ. രാഘവൻ തിരുമുല്ലാട്, ചാലക്കുടി.

ധർമ്മം എന്ന ശബ്ദംകൊണ്ട് കൃത്യം എന്താണുദ്ദേശിക്കപ്പെടുന്നത് എന്നറിയാൻ ബുദ്ധിമുട്ടുണ്ടാകുമാറ് വിവിധങ്ങളും വ്യത്യസ്തങ്ങളുമായ സന്ദർഭങ്ങളിൽ പ്രയോഗങ്ങൾ കാണാം. യാചകന്മാരെ ധർമ്മക്കാരെന്നും അവർക്കെറിഞ്ഞുകൊടുക്കുന്ന നയാപൈസകളെ ധർമ്മമെന്നും സാധാരണ പറഞ്ഞുവരാറുണ്ടല്ലോ. സൌജന്യമായ സഹായത്തെ നിരസിക്കുന്ന ചില അഭിമാനശാലികൾ തങ്ങൾക്കു ധർമ്മമായൊന്നുമാവശ്യമില്ലെന്നു ഘോഷിക്കാറുണ്ട്. ധർമ്മമെന്ന പദത്തിൻെറ ഏററവും പ്രാകൃതമായ പ്രയോഗമാണിത്തരം സന്ദർഭങ്ങളിൽ എന്നു കരുതാം. “ധർമ്മപ്രോജ്ഝിത കൈതവഃ” എന്നും മററും ഭാഗവതത്തിലും മററും കാണുന്നതു ധർമ്മപദത്തിൻെറ ഉത്തമമായ അർത്ഥത്തെ സൂചിപ്പിക്കുന്നതാണ്. ഏതു പദവും കാലക്രമംകൊണ്ട്

---

ഇങ്ങനെ രണ്ടു പ്രകാരത്തിലും “ഹിന്ദു” ശബ്ദം പ്രയുക്തമാകുന്നുണ്ട്. “പാരിജാതഹരണം” നാടകത്തിൽ പറയുന്നതു നോക്കുക:—

ഹിനസ്തി തപസാ പാപാൻ
ദൈഹികാൻ ദുഷ്ടമാനസാൻ
ഹേതിഭിഃ ശത്രുവർഗ്ഗം ച
സ ഹിന്ദുരഭിധീയതേ.

ഏതൊരാൾ തൻെറ തപശക്തികൊണ്ട് ദൈഹികങ്ങളായ പാപങ്ങളേയും, ചിത്തവൃത്തികളെ ദുഷിപ്പിക്കുന്ന ദോഷങ്ങളേയും നശിപ്പിക്കുകയും തൻെറ ശത്രുസമുദായത്തെ ശസ്ത്രങ്ങളാൽ സംഹരിക്കുകയും ചെയ്യുന്നുവോ, അവൻ “ഹിന്ദു” എന്നു പറയപ്പെടുന്നു.

“ഹിന്ദു” എന്ന വാക്കു അർവ്വാചീനമോ, അപമാനസൂചകമോ അല്ലെന്നു വ്യക്തമാക്കാൻവേണ്ടി പ്രാചീനഗ്രന്ഥങ്ങളിൽനിന്നും ചില ഉദാഹരണങ്ങൾ ഉദ്ധരിച്ചുവെന്നേയുള്ളു. ഇതിൽനിന്നു, ദുർവൃത്തികളേയും ദുരാചാരങ്ങളേയും ഇല്ലായ്മ ചെയ്തു. സദ്‌വൃത്തികളേയും സദാചാരങ്ങളേയും നിലനിർത്താൻവേണ്ടി ദുർജ്ജനങ്ങളെ സംഹരിക്കുകയും, സജ്ജനങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന ധർമ്മധീരനാണ് — ധർമ്മസ്ഥാപകനാണ് — ഹിന്ദുവെന്നു വരുന്നു. വാസ്തവത്തിൽ, “ഹിന്ദു” എന്നു പറഞ്ഞാൽ ഒരു ധർമ്മഭടനെന്നാണർത്ഥം. അവനെൻറ കടമ അധർമ്മത്തോടുള്ള ഒരു സന്ധിയില്ലാ സമരംതന്നെ.

*(ഹിന്ദിയിൽ നിന്നും)*

— * —

പ്രയോഗത്തിൽ അർത്ഥഭേദത്തെ സൂചിപ്പിച്ചു തുടങ്ങുക എന്നതു സാധാരണമാണ്. ഈഷത്ഭേദങ്ങളെ വകവെയ്ക്കാതെ പ്രയോഗിക്കുക നിമിത്തം ഏതു പദവും പരമാർത്ഥത്തിൽനിന്നു മാറി സന്ദർഭാനുസാരേണ അർത്ഥഭേദത്തെ കുറിക്കുക എന്നതും വന്നുപോകുന്നു. ഈ വിധത്തിൽ ധർമ്മം എന്നതും ഇന്ന് പലേ സന്ദർഭങ്ങളിലും അർത്ഥഭേദത്തോടുകൂടി പ്രയോഗിക്കപ്പെട്ടുവരുന്നുണ്ട്. അതു നിമിത്തം ധർമ്മം എന്നതിന്റെ പരമമായ അർത്ഥം എന്താണ് എന്നതിനെക്കുറിച്ച് വ്യക്തമായ അഭിപ്രായംതന്നെ സാധാരണ ജനങ്ങൾക്കു ഇല്ലാതായിത്തീർന്നിരിക്കുന്നു എന്നതിൽ അത്ഭുതത്തിന്നവകാശമില്ലല്ലോ. ഗീത മുതലായ ഗ്രന്ഥങ്ങളിൽ ധർമ്മം എന്ന പദത്തെ വിവിധ സന്ദർഭങ്ങളിൽ എങ്ങനെ പ്രയോഗിച്ചിരിക്കുന്നു എന്നു പരിശോധിക്കുന്നതു ധർമ്മത്തിന്റെ പരമാർത്ഥത്തെക്കുറിച്ചറിയുന്നതിന്നും തിരിച്ചറിയുന്നതിന്നും ഒരു മാർഗ്ഗമാണല്ലോ. സന്ദർഭഭേദം നിമിത്തം അർത്ഥത്തിന്നു ഈഷത്ഭേദം ഉണ്ടെന്നു വന്നേക്കാമെങ്കിലും എല്ലാ സന്ദർഭങ്ങളിലും പൊതുവായ എന്തെങ്കിലും അഭിപ്രായമോ ആശയമോ അടങ്ങിയിട്ടുണ്ടോ എന്നു നോക്കുന്നതും നന്നായിരിക്കും. അതിന്നുമുമ്പ് ധർമ്മം എന്നാൽ എന്ത് എന്നു സാമാന്യമായ ധാരണ ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമല്ലോ.

“ധ്രിയതേ അനേന, ധരതി ഇതി” എന്നു രണ്ടു തരത്തിലായാലും നിലനിൽക്കുന്നതു എന്നുതന്നെയാണ് ധർമ്മം എന്നതിന്റെ പദാർത്ഥം. ഏതൊന്നിനേയും നിലനിർത്തുന്നത് യഥാർത്ഥത്തിൽ അതിന്റെ ഭാവംതന്നെയാണല്ലോ. രൂപമില്ലെങ്കിൽ ഭാവമില്ല എന്നു പറഞ്ഞുകൂടെങ്കിലും ഭാവമില്ലെങ്കിൽ രൂപമില്ല എന്നു നിസ്സംശയം പറയാം. വ്യക്ത്യതീതമായി എന്നാൽ വ്യക്തികളെ എല്ലാം വ്യാപിച്ചുകൊണ്ടിരിക്കുന്നതാണ് ഭാവം. എല്ലാ മനുഷ്യരിലും ഒരുപോലെ ഉള്ളതാണ് മനുഷ്യത്വമെന്ന ഭാവം. മനുഷ്യമൃഗപക്ഷിഭേദമെന്യേ എല്ലാ ജന്തുക്കളിലും ഒരുപോലെ വ്യാപിച്ചിരിക്കുന്ന ഒരു ഭാവമുണ്ടെന്നു സങ്കല്പിക്കാമല്ലോ. അങ്ങനെ സങ്കല്പിക്കപ്പെടുന്ന സർവ്വവ്യാപിയായ ഒരു ഭാവത്തെത്തന്നെയാണ് ബ്രഹ്മമെന്നും പരമാത്മാവെന്നും മററും വേദാന്തങ്ങളിൽ പറയുന്നത്. സാധകദശയിൽ സാക്ഷാൽക്കരിക്കപ്പെട്ടു കഴിഞ്ഞിട്ടില്ലാത്ത അവസ്ഥയിൽ ആ ഭാവം സാങ്കല്പികം മാത്രമാണെന്നുള്ളതിന്നു സംശയമില്ലല്ലോ. അതുകൊണ്ടാണ് ആ വിഷയത്തിൽ ദ്വൈതാദ്വൈതാദി വിചാരഭേദങ്ങൾ ഉണ്ടായിരിക്കുന്നത്. അതുതന്നെയാണ് നാസ്തികവാദത്തിന്നും കാരണം. (സാക്ഷാൽകൃതപരമാത്മാക്കളായവരെ സംബന്ധിച്ചാണെങ്കിൽ അവർ വിധിനിഷേധങ്ങൾക്കപ്പുറത്ത് പ്രതിപാദനത്തിന്നു വിഷയീഭവിക്കാതെ സ്ഥിതിചെയ്യുന്നു) എന്നാൽ ഈ സങ്കല്പം യുക്തിയുക്തംതന്നെയാണ്. ശാസ്ത്രത്തിൽ ഇങ്ങനെയുള്ള ഭാവത്തെ ധർമ്മമെന്നു പറയുന്നു. മനുഷ്യത്വം എന്നതു ധർമ്മവും മനുഷ്യൻ എന്നതു ധർമ്മിയുമാണെന്നാണ് ശാസ്ത്രപ്രതിപാദനരീതി. ധർമ്മമില്ലാതെ ധർമ്മിയുണ്ടാവാൻ വയ്യാത്തതു കൊണ്ടു പ്രാധാന്യം ധർമ്മത്തിന്നു നല്കേണ്ടിവന്നുവെന്നു മാത്രമല്ല, ധർമ്മം സത്യവും ധർമ്മി മിഥ്യയുമാണ് എന്നു സാങ്കേതികമായി വ്യവഹരിക്കപ്പെട്ട

ന്നതിന്നു ഇടവരികയും ചെയ്തു. “ബ്രഹ്മസത്യം ജഗന്മിഥ്യം” എന്ന വേദാന്തഡിണ്ഡിമത്തിന്റെ താല്പൎയ്യമതാണു്.

പ്രത്യക്ഷത്തിൽ വ്യത്യസ്തങ്ങളായിട്ടു മാത്രമല്ല വിരുദ്ധങ്ങളായിട്ടുപോലും ഗോചരമാകുന്ന ഇക്കാണാകുന്നവയുടെ എല്ലാം ധർമ്മം ഒന്നാണെന്നു പറയുമ്പോൾ, അത്ര സൂക്ഷ്മമായി ചിന്തിയ്ക്കാത്തവൎക്കു വേഗത്തിൽ ഗ്രഹിയ്ക്കാനും ധരിയ്ക്കാനും കഴിഞ്ഞില്ല എന്നു വരാം. സ്വശബ്ദംകൊണ്ടു പ്രപഞ്ചത്തിലുള്ള ഓരോന്നിനേയും ഗ്രഹിയ്ക്കാമെങ്കിൽ ധർമ്മത്തെ സ്വഭാവമെന്നു പറയാമല്ലോ. “അക്ഷരം ബ്രഹ്മപരമം സ്വഭാവോഽധ്യാത്മ ഉച്യതേ” എന്ന ഗീതാവചനത്തിൽ ഇതു സ്പഷ്ടമാണു്; എങ്കിലും ഉദാഹരണത്തിൽ കൂടെയേ വ്യക്തമാക്കാനൊക്കൂ എന്നതു വേദാന്തത്തിന്റെ ഒരു പരിമിതിയാകുന്നു. കയ്യു്, കാലു്, തല മുതലായി ഓരോന്നും വേറെ വേറെ ആകൃതിയോടും പ്രയോജനത്തോടും കൂടിയിരിക്കുന്നുവെങ്കിലും എല്ലാററിന്റെയും നിയാമകമായ ഭാവം ഒരേ ജീവൻ തന്നെയാണു് എന്നതിൽ ആൎക്കും സംശയമുണ്ടാവുകയില്ലല്ലോ. കാലിന്നു വേദനയെടുക്കുമ്പോൾ കയ്യിന്നു വേദന അനുഭവപ്പെടാറില്ല. കൈ മുറിഞ്ഞാൽ നീററം കാലിൽ അനുഭവപ്പെടാറില്ല. സാമാന്യമായി അങ്ങനെയാണെങ്കിലും ഒരേ മനുഷ്യത്വവും ഒരേ ജീവനും തന്നെയാണു് ശരീരമാകമാനം വ്യാപിച്ചിരിയ്ക്കുന്നതു എന്നതു ആൎക്കും വ്യക്തമായി ധരിക്കാവുന്നതേയുള്ളു. ഒരവയവത്തിൽ ആദ്യം ആരംഭിയ്ക്കുന്നതോ അനുഭവപ്പെടുന്നതോ ആയ രോഗം ദേഹത്തിൽ മുഴുവൻ വ്യാപിയ്ക്കാവുന്നതും ആരോഗ്യത്തിന്നു പൊതുവായി ഹാനികരമായിത്തീരാവുന്നതുമാണു്. അതുപോലെ പ്രപഞ്ചം മുഴുവൻ ധർമ്മമായി, സ്വഭാവമായി, ഒരേ ആത്മാവാണുള്ളതെന്നതുകൊണ്ടു ചിലപ്പോൾ പ്രപഞ്ചദേഹത്തിലെ ഒരംഗത്തിന്നു വരുന്ന ഹാനി മററംഗങ്ങളെ ബാധിയ്ക്കുന്നതായി പെട്ടെന്നു തോന്നിയില്ലെങ്കിലും അതു പ്രപഞ്ചത്തിന്റെ പൊതുവായ ആരോഗ്യത്തേയും സ്വസ്ഥതയേയും സുഖത്തേയും ബാധിയ്ക്കുമെന്നതിന്നു സംശയമില്ല “സർവ്വഭൂതേഷു യേനൈകം ഭാവമവ്യയമീക്ഷതേ അവിഭക്തം വിഭക്തേഷു തജ്ജ്ഞാനം വിദ്ധിസാത്വികം” എന്നു സ്പഷ്ടമാക്കപ്പെട്ട വീക്ഷണം സ്ഥായിയായിത്തീൎന്നു് സൎവ്വഭൂതാത്മഭൂതാത്മാവെന്ന ബോധം സിദ്ധമായിക്കഴിയുമ്പോഴേ, കയ്യിനായാലും കാലിനായാലും രോഗം തനിയ്ക്കു തന്നെയാണെന്നു സാധാരണ തോന്നുന്ന തരത്തിലുള്ള പ്രതീതി സൎവ്വവ്യാപകമായി സാൎവ്വത്രികമായി അനുഭവപ്പെടുകയുള്ളു. ഇന്നു നമ്മൾ, ഓരോ അവയവവും സ്വന്തം വ്യക്തിത്വത്തിൽ അഭിമാനിച്ചു് വേറുകൂറു ഭാവിയ്ക്കുകയാണെങ്കിൽ എങ്ങനേയോ അങ്ങനെയാണു് പൊതുവേ പരസ്പരം കരുതുന്നതു്.

എങ്കിലും ഇത്രവളരെ വൈരുദ്ധ്യം അനുഭവപ്പെടുന്നതെങ്ങനെയെന്നു സംശയിയ്ക്കുന്നവൎക്കു സമാധാനത്തിന്നായി ഒരു ഉദാഹരണംകൊണ്ടുകൂടി ആശയം വ്യക്തമാക്കാം. സൎവ്വവ്യാപകമായ ചൈതന്യവിശേഷമാണല്ലോ വിദ്യുച്ഛക്തി. വിദ്യുച്ഛക്തിയുടെ ഗുണങ്ങളെക്കുറിച്ചും മററുമുള്ള വിവരങ്ങ

ളെല്ലാം ശാസ്ത്രജ്ഞന്മാൎക്കേ അറിയുകയുള്ളു. എന്നാൽ വിളക്കു കത്തിയ്ക്കാനും, വീശറി തിരിയ്ക്കാനും, വെള്ളം തിളപ്പിയ്ക്കാനും "ശീതളപാനീയങ്ങൾ" തണുപ്പിക്കാനും അതുപോലെ നൂറു നൂറു കാൎയ്യങ്ങൾക്കു് വിദ്യുച്ഛക്തി പ്രയോജനപ്പെടുത്തപ്പെടുന്നതു ഇക്കാലത്തു ഏതു പാമരൻെറയും അനുഭവത്തിൽപ്പെട്ടിരിയ്ക്കാതിരിയ്ക്കയില്ല. ഒരേ ഗുണവിശേഷങ്ങളോടുകൂടിയ വിദ്യുച്ഛക്തി തന്നെയാണു് വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ ഈ പ്രവൎത്തനങ്ങൾ എല്ലാം ചെയ്യുന്നതു എന്നുള്ളതു ആലോചിച്ചു നോക്കുമ്പോൾ ആശ്ചൎയ്യജനകം തന്നെയല്ലേ! ഹീററിൽ വെള്ളം തിളപ്പിയ്ക്കാനും "റിഫ്രിജിഡേററിൽ" വെള്ളം തണുപ്പിയ്ക്കാനും ഉപയോഗപ്പെടുത്തുമ്പോഴൊന്നും വിദ്യുച്ഛക്തിയുടെ ഗുണവിശേഷങ്ങൾക്കു ലേശംപോലും മാററമില്ല. ഉപാധിഭേദംകൊണ്ടു പ്രയോജനഭേദം വരുന്നുവെന്നേയുള്ളു. അതുപോലെ ഉപാധിഭേദംകൊണ്ടുതന്നെയാണു് പരമാത്മാവു ഒരുപോലെ അന്തൎയ്യാമിയായിട്ടിരിയ്ക്കുന്നുണ്ടെങ്കിലും, പ്രപഞ്ചത്തിലെ ഓരോ വസ്തുവും പ്രത്യക്ഷത്തിൽ വ്യത്യസ്തവും വിരുദ്ധവുമെന്നപോലെ തോന്നുന്നതു്. വിശറിയായാലും വിളക്കായാലും ഹീററായാലും റിഫ്രിജിഡേററായാലും എന്തായാലും പ്രവൎത്തിയ്ക്കണമെങ്കിൽ വിദ്യുച്ചൈതന്യം അവയിൽ അന്തൎയ്യാമിയായിരിയ്ക്കണം. അതുപോലെ പ്രപഞ്ചത്തിൽ ഉപാധിഭേദേന ഭിന്നഭിന്നങ്ങളായിക്കാണപ്പെടുന്നവയെല്ലാം ചൈതന്യവത്തുക്കളായിരിയ്ക്കുന്നതു ആത്മാവു് അന്തൎയ്യാമിയായിരിയ്ക്കകൊണ്ടുതന്നെയാകുന്നു. "ജീവൻ" എന്നതു വിദ്യുത്സ്വരൂപമാകുന്നു എന്നു നവീനന്മാരായ ചില ശാസ്ത്രജ്ഞന്മാൎക്കു അഭിപ്രായമുള്ളതും ഇവിടെ സ്മരണീയമാണു്.

ഈ ഉദാഹരണങ്ങളിൽനിന്നു വ്യക്തമാകുന്നമാതിരി, പ്രപഞ്ചത്തിൻെറ അന്തസ്സത്തയായ, സ്ഥായീഭാവമായ, ധൎമ്മം ഒരേ ആത്മാവാകുന്നു. അഥവാ സത്യമായ ബ്രഹ്മം തന്നെയാകുന്നു മൌലികമായ ധൎമ്മം. ഈ ബോധം സിദ്ധമായിക്കഴിഞ്ഞാൽ, അതിൻെറ പ്രതിഫലനം ജീവിതത്തിൽ പെരുമാററത്തിൽ വ്യക്തമാവാതിരിയ്ക്കയില്ലല്ലോ. "ആത്മൌപമ്യേന സൎവ്വത്ര സമം പശ്യതിയോൎജ്ജുന സുഖംവാ യദിവാ ദുഃഖം സയോഗീപരമോമതഃ" എന്ന ഗീതാവാക്യം അപ്പോൾ സാൎത്ഥമാകും. വേറെന്ന വിചാരം അത്തരത്തിലുള്ളവരെ തീണ്ടുകയില്ല. അങ്ങനെ പരമമായധൎമ്മം ജീവിതത്തിൽ പ്രകാശിയ്ക്കുമ്പോൾ ആ പ്രകാശത്തെയും ധൎമ്മമെന്നു പറയുന്നതിൽ അസാംഗത്യമില്ലല്ലോ. രാഗദ്വേഷങ്ങൾക്കോ കാമക്രോധങ്ങൾക്കോ പ്രത്യേകം വിഷയമില്ലാതാകയാൽ ചെയ്യുന്നതെല്ലാം സൌജന്യം എന്ന നിലവന്നു ചേരും. അഫലപ്രേപ്സുവായിട്ടു്, ഒന്നും പകരം പ്രതീക്ഷിയ്ക്കാതെ, ഒരാൾക്കു ഒരു നയാപൈസ കൊടുത്താൽ സൌജന്യവും ധൎമ്മവുമാകുന്നതു അതിൽ തൻെറ, എന്ന ഭേദബുദ്ധിയുടെ അംശം ഇല്ലാതാവുന്നതുകൊണ്ടുതന്നെയാകുന്നു. സൌജന്യം എന്ന വാക്കിൻെറ അൎത്ഥം സുജനത്തിൻെറ ഭാവം അഥവാ ധൎമ്മം എന്നാണല്ലോ. നല്ല ആൾതന്നെ സുജനം. രാഗദ്വേഷരഹിതനായി നിൎമ്മലനും നിരഹങ്കാരനുമായി പെരുമാറുന്നവൻ തന്നെയാണു് സുജനം

# നാരായണീയം

എം. ആർ. മേനോൻ

## 60-ാം ദശകം

മലർസായക പീഡയേററു നിൻ-
പദസേവക്കു കൊതിച്ചു ഗോപിമാർ
മണൽകൂട്ടി ഗിരീശപത്നിയെ-
പ്പരിസേവിച്ചു നദീതടേ തദാ

2 ഉദയേ തവനാമമുച്ചരി-
ച്ചാരമിച്ചാണു പുഴക്കുപോകലും
വരനാകുക നന്ദസൂനുവെ-
ന്നരുധാ കാഴ്ചകൾ വെച്ചു പൂജയും

3 ഒരു മാസമിതേവിധം വ്രതം
തരളാക്ഷീഗണമാർന്നതോർത്തു നീ
കരുണാവശനായവർക്കനു-
ഗ്രഹമേകാൻ യമുനയ്ക്കു യാത്രയായ്

---

അങ്ങനെ നോക്കുമ്പോൾ രാഗദ്വേഷരഹിതമായ, നിഷ്കാമമായ, സൌജന്യസമ്പന്നമായ കർമ്മം എവിടെയെല്ലാം കാണുന്നുവോ അവിടെയെല്ലാം ധർമ്മമുണ്ടെന്നു തീരുമാനിക്കാമെന്നായി. അത്രയൊന്നുമാലോചിക്കാത്ത പാമരന്മാർ വെറുതെയുള്ള പ്രവൃത്തിയെ മുഴുവൻ സൌജന്യമെന്നും ധർമ്മമെന്നും പറഞ്ഞുതുടങ്ങുകയും പ്രയോഗപ്രാചുര്യം നിമിത്തം ആ അർത്ഥവും കൂടെ ലൌകീകമായി ആ പദങ്ങൾക്കു ഘടിക്കുകയും ചെയ്തു എന്നു മാത്രം. എന്നാൽ ധർമ്മമെന്നു പറയുമ്പോൾ അതിൽ വെറുതെ എന്നോ വിലയ്ക്കെന്നോ ഉള്ള പ്രതീതിയ്ക്കോ സങ്കല്പത്തിന്നോ സ്ഥാനമില്ല. രാഗദ്വേഷകാമക്രോധാദികളാൽ പ്രേരിതമല്ലാത്ത ഏതു പ്രവൃത്തിയും പെരുമാററവും ധർമ്മംതന്നെ. പ്രവൃത്തിയും പെരുമാററവും എന്നു പറഞ്ഞതുകൊണ്ടു ഒന്നും ചെയ്യാതിരുന്നാൽ അതു ധർമ്മമാവില്ല എന്നതിൻെറ സൂചനയും ലഭിക്കുമല്ലോ. പിതൃധർമ്മം പുത്രധർമ്മം രാജധർമ്മം പ്രജാധർമ്മം എന്നു വേണ്ട ജീവിതത്തിൻെറ ഏതു രംഗത്തായാലും വേണ്ടില്ലാ സ്ഥാനത്തിന്നും സാഹചര്യത്തിന്നും അനുസരിച്ചു അവസരോചിതങ്ങളായ പെരുമാററങ്ങളിലെല്ലാം ധർമ്മമെന്നതു സാർത്ഥമാകണമെങ്കിൽ രാഗദ്വേഷാദിരഹിതമാകണം. ഇതാണു് ധർമ്മത്തിൻെറ പൊതുവായ രൂപം.

4 അവസാനദിനത്തിലായവർ
കരമേൽ വസ്ത്രമഴിച്ചു വെച്ചഹോ
ജലകേളി നടത്തി, മുന്നിൽനിൻ-
വദനം കണ്ടതിൽ നാണമാണ്ടുപോയ്

5 ത്രപയാൽ തലതാഴ്ത്തി മങ്കമാ-
രുടനങ്ങുന്നവർ വെച്ചോരംബരം
സകലം കരയിന്നെടുത്തുകൊ-
ണ്ടരികേ വൻമരമേറി ശീഘ്രമായ്

6 "കമലാക്ഷികളിങ്ങു വന്നുടൻ
നിജവസ്ത്രങ്ങളെടുത്തുപോയിടാം"
മൃദുഹാസമോടിത്തരം ഭവാൻ
കളിയോതീ, വിഷമിച്ചു കന്യമാർ

7 "ബഹുകാലമിരിക്ക, ദാസിമാ-
രിവരിൽ ക്ലേശമണപ്പതെന്തു നീ
വസനം തരികെ"ന്നു ഗോപിമാ-
രുരചെയ്യെ സ്മിതമേകി നീ തദാ.

8 കരകേറി കരങ്ങൾ കൂപ്പിനാർ
ഭവദാലംബകൾ ശുദ്ധമാനസർ
അതുകണ്ടുടനംബരം കൊടു-
ത്തവരോടീവിധമതിതുഷ്ടനായ്

9 "അറിയാം മമ നിങ്ങൾ വാഞ്ഛിതം
യമുനാ സൈകതമോളമുത്തരം
കളൂർ ചന്ദ്രനിണങ്ങിടും ശര-
ന്നിശയെത്തുന്നതു കാത്തിരിക്കുവിൻ

10 ഹരിണാക്ഷികൾ നീയുരച്ചോരീ
മധുപോലും വചനം ശ്രവിച്ചഹോ
പ്രണയേന ഭവാനെ നോക്കിനി-
ന്നതിമന്ദം സ്വഗൃഹങ്ങൾ പൂകിനാർ

11 വ്രജകന്യകമാർക്കനുഗ്രഹം
കരുണാശീതള! നൽകി പിന്നെയും
വിപിനങ്ങളിൽ മാടുമേച്ചിടും
പവനാധീശ! ഹരിക്ക മേ ഗദാൻ

— * —

## 61-ാം ദശകം

1 ഒരിക്കലെങ്ങാണ്ടതിദൂരമാം വനം
ഗമിച്ചു ഗോഗോപരുമായ് മുദാ ഭവാൻ
നിറഞ്ഞ ഭക്ത്യാ പരിപൂർണ്ണമാനസ-
ദ്വിജാംഗനാനുഗ്രഹണത്തെയോർത്തു താൻ

2 മനുഷ്യരില്ലാത്ത വനേ സുഹൃജ്ജനം
വിശന്നു ദാഹിച്ചു വലഞ്ഞു കണ്ടതിൽ
അടുത്തു യാഗത്തിനിരുന്ന വിപ്രരോ-
ടസാരമാഹാരമതിന്നയച്ചു നീ

3 കിശോരർ നിൻ പേരുരിയാടി ഭക്ഷണം
ദ്വിജാളിയോടർത്ഥന ചെയ്തു സാദരം
ശ്രുതിസ്ഥിരന്മാരവരശ്രുതിം നടി-
ച്ചൊരക്ഷരംപോലുമുരച്ചതില്ലഹോ

4 ധരാസുരാ നാദര ഖിന്നമാനസർ
മടങ്ങി, യജ്വാവിനു ചെന്നതീനില
അശേഷവും ഭക്തിയെഴാത്ത ഭൂസുരർ
ഭവാന്നു നൈവേദ്യമെടുപ്പതെങ്ങനെ

5 "മമാഖ്യ തൽപത്നികളോടു ചൊല്ലുവിൻ
ദയാപരീതാശയരന്നമേകിടും"
ഭവാൻ ചിരിച്ചീവിധമോതി, ബാലരും
മൃഗാക്ഷിമാർ സന്നിധി ചെന്നു ചൊല്ലിനാർ

6 ചിരായ നിൻ ദർശനമാഗ്രഹിക്കുമീ
ജനങ്ങൾ നിൻപേരതു കേട്ട മാത്രയിൽ
ഭ്രമേണ ഭോജ്യങ്ങളെടുത്തു യാത്രയായ്
വൃഥാവിലായീ സ്വജനം തടുത്തതും

7 മുടിക്കു നൽപീലികൾ, കണ്ണിലാർദ്രതാ,
കവിൾത്തടേ കുണ്ഡലശോഭയും തഥാ
സഖാവു തൻ തോളതിൽ വെച്ച കയ്യുമായ്
ഭവാനെ ദർശിച്ചു നതാംഗിമാർ മുദാ

8 പ്രിയൻ തടുത്തിട്ടു ഗമിക്കുവാനഹോ
തരം ലഭിക്കാഞ്ഞൊരു നാരിയപ്പൊഴേ
ഭവാനെ ചിത്തേ ദൃഢമായ് നിനച്ചുകൊ-
ണ്ടടഞ്ഞു കൈവല്യമവൾക്കു ഭാഗ്യമായ്

9 ഗ്രഹിച്ചു ഭക്ഷ്യത്തെയനുഗ്രഹിച്ചു നീ
മടങ്ങിയില്ലായവർ സംഗമേച്ഛയാൽ
മടക്കി യജ്ഞായ ഭവാൻ സദ്ഭക്തിയാൽ
വിരോധമില്ലാത്തവരാക്കി വിപ്രരെ

10 സ്വദോഷവും സ്ത്രീജനഭക്തിയും തദാ
ദ്വിജർക്കു ചിന്താവിഷയീഭവിക്കവേ
സുബോധമുണ്ടായവർ നിന്നെ വാഴ്ത്തിനാർ
മരുത്പുരാധീശ! ഹരിക്കമേ ഗദാൻ

—o—

## 62_ാം ദശകം

1 ഒരിക്കൽ ഗോപന്മാരൊരുമഖമതിന്നുള്ള വിഭവം
വിശേഷാൽ തെയ്യാറാക്കുമതിയതു നീകണ്ടു ഭഗവൻ!
അറിഞ്ഞും ദേവേന്ദ്രപ്രമദമതു പോക്കീടുവാനാ-
യിതെല്ലാമെന്തെന്നജ്ജനകനോടു ചോദിച്ചുവിനയാൽ

2 സുരേന്ദ്രൻ വർഷിച്ചീധരണിയെ സുഖിപ്പിക്കുമതിനാൽ
മുടക്കാതീയാഗം ശതമഖനു ചെയ്യേണ്ടതുചിതം
നമുക്കും സർവ്വർക്കും മഴതരണമാഹാരമഖിലം
പശുക്കൾക്കും വേണ്ട തൃണജലമതും വൃഷ്ടിജനിതം

3 “വ്രജേൽ ചൊന്നോരീ മറുപടിഭവാൻ കേട്ടുസരസം
പറഞ്ഞു” വർഷത്തെബ്ബലരിപുതരുന്നെന്നതു മൃഷാ
അദൃഷ്ടംതാൻ ജീവർക്കുചിതമഴ നൽകുന്നതുപരം
യജിക്കാറില്ലല്ലോ വിടപികൾ മഹേന്ദ്രനു വിപിനേ

4 നമുക്കോർത്താൽ സത്യം പശുനിവഹമാം മൂലധനമാ-
യവറ്റിൻതീറ്റക്കീ ഗിരിവരനുനജ്ഞം സമുചിതം
മഹീദേവന്മാരോ വിബുധരിലുമുൽകൃഷ്ടരതിനാൽ
ദ്വിജന്മാരും പൂജ്യർ ക്ഷിതിയി”ലിതിനീ ചൊല്ലിമൃദുവായ്

5 ഇതെല്ലാംകേട്ടാറേ ബ്ബഹുമതിയോടാഗ്ഗോപനികരം
സഘോഷം പൂജിച്ചുദ്വിജരെയഥ ഗോവർദ്ധനനെയും
വലംവെച്ചു ദണ്ഡപ്രണമനമതും ചെയ്തുവിധിപോൽ
ഭവാനോ പ്രത്യക്ഷംശൈലപുരുഷനായുണ്ടു ബലിയെ

6 “പറഞ്ഞില്ലേ ഞാനീഗിരിയുടെയശസ്സെന്തു്? കളവോ?
സ്വമൂർത്ത്യാ വന്നിട്ടീക്ഷിതിധരനശിക്കുന്നു ബലിയെ
ഗിരിദ്വിട്ടിൽ ക്രോധാൽ ഗിരിവരനിവൻതന്നെമതിയീ
ജനൌഘം രക്ഷിപ്പാം”നിതി പശുപർകേട്ടാനു സുമുഖം

7 ഭവാനൊത്തീഗോപർ മുദമൊടുഗൃഹം ചേർന്നസമയം
ക്രതുഭ്രംശം കേട്ടു സുരപതിരജോവ്യാപ്തഹൃദയൻ
ഭവല്ലബ്ധൈശ്വര്യൻ മഹിമയറിവോനെങ്കിലുമഹോ
സഹിച്ചില്ലാതന്നിൽ പശുപതതിചെയ്തോരവിനയം

8 "മനുഷ്യത്വംപൂണ്ടാൽ പുരകരിനവും ദേവനിവഹേ
വണക്കം വെക്കാഞ്ഞാലമരമഹിമക്കെന്തു വിലയാം
ഇതാ ഞാനീ ഗോപച്ചെറുവനുടെയൈശ്വര്യമഖിലം
പറപ്പിക്കാ"മെന്നാമദനിധി തുനിഞ്ഞു തവജയെ.

9 വ്രജത്തിൻ നാശാർത്ഥം മുകിൽതിരയെ വിട്ടങ്ങുഗഗനെ
സ്വയം വിസ്തീന്ദ്രൻമേൽ കുലിശവുമെടുത്തേറി സഹസം
പുറപ്പെട്ടാം,നുള്ളിൽ ഘനപവനാദിക്ക ചിരിയായ്,
ഭവന്മായക്കാരാണെതിരിഹ മയങ്ങീടുമവനും

10 നമുക്കിന്ദ്രക്രോധാൽ ദ്വിജനഗകൃപാപൂരമതുകൊ-
ണ്ടനർത്ഥം ചേരില്ലെന്നിടയരെ ധരിപ്പിച്ച ഭഗവൻ!
സ്വരാഷ്ട്രത്തിലെന്തെന്നിതി മനസിചിന്തിച്ച മരുവും
മരുൽക്ഷേത്രാധീശ! വ്രശമയഗദം മേ മുരരിപോ!

---

## 63-ാം ദശകം

1 ഇടവിടാതിടിവെട്ടി ദിഗന്തരം
മറിയുമാറു കലുക്കിയ വാരിദം
തവകളേബരകാന്തി വഹിച്ചുടൻ
മുകളിലെത്തി ഭവാനതു ദൃശ്യമായ്

2 വലിയവലിയ കല്ലും തുണ്ടപോൽ ധാരയുംകൊ-
ണ്ടവിടെ പശുപരെല്ലാദിക്കിലും പീഡയേറ്റു
സുരപതിയുടെ കോപാൽ ഞങ്ങളെക്കാക്കകെന്നാ
മൊഴികളജിത! കേൾക്കെപ്പേടിയായ്കെന്നു നീയും

3 "പശുകുലകുലദൈവം ശൈലമാം ശങ്കയെന്തി-
ന്നചലരിപു വരുത്തും ദ്രോഹമില്ലാതെയാക്കും"
ഇതിസഹസിതമോതീട്ടങ്ങു ഗോവർദ്ധനത്തെ
ത്വരയൊടു കടയോടേ പിഞ്ചുകയ്യാൽ പുഴക്കി

4 ഗിരിയെകരതലത്തിൽത്തന്നെ വെച്ചങ്ങുയർത്തി-
ട്ടടിയിൽ മണൽപരന്നും വാരി ദൂരെത്തടുത്തും
മൃദുളസികതദേശേ ഗോപഗോസാധനങ്ങൾ-
ക്കൊരുവിധ തടവെന്യെ സർവ്വമങ്ങൊന്നൊതുക്കി

5 ഗിരിയെയൊരു കരത്താൽ താങ്ങി മറേറതുകൊണ്ട-
ങ്ങരികിലവിടെവന്നാം ഗോക്കളെത്താൻ ചൊറിഞ്ഞും
കളിവചനമുരച്ചും ബാലികാ ബാലരോടായ്
ലളിതമൃദുകളിയ്യും തുഷ്ടരാക്കിജ്ജനത്തെ

6 "വലിയൊരദ്രിയെ വാമകരാലിവൻ
വളരെ നേരമെടുത്തുപിടിക്കയാം
പരമിതത്ഭുതമദ്രിയുയർന്നതോ
നിജബലാ"ലിതി കാണികളോർത്തുപോയ്

7 "വടുവിവന്നിഹധിക്കൃതിയിത്രയോ
വൃഥവരുമ്പോളിറക്കമസംശയം"
ഇതി നിനച്ചു ഹസിച്ചു സുരേശനും
ദിവസമേഴു പൊഴിച്ചിതു മാരിയെ

8 ഒരടിപോലുമിളക്കിയതില്ല നീ
ജലദവാരികൾ വററിയശേഷവും
പവനനഭ്രഗണത്തെയകററവേ
ഭയമോടിന്ദ്രനൊഴിഞ്ഞു മടങ്ങിനാൻ

9 മഴയൊഴിഞ്ഞു പശുക്കൾ പുറത്തുപോയ്
പശുപരും പുരുതുഷ്ടർ കടന്നു തേ
ഭുവിയിറക്കി ഭവാൻ മലയെത്തദാ
വ്രജജനങ്ങൾ പുണർന്നു ഭവാനെയും

10 ക്ഷിതിയെ മുമ്പു വഹിച്ച ഭവാന്നഹോ
ക്ഷിതിധരോദ്വഹനം ബഹുകഷ്ടമോ
ഇതിനിലിമ്പർ പുകഴ്ത്തി രമാപതേ!
ഗദമകററുക വായുപുരേശ! നീ

---

## 64–ാം ദശകം

1 ഭവാന്റെയിപ്പവൃത്ത ധാരണാദി
മഹാപ്രഭാവത്തെ ജനങ്ങൾ കണ്ടു
വിശേശനെന്നങ്ങയെയാദരിച്ചു
ചോദിച്ചു നിൻ ജാതകമച്ഛനോടു

2 ഗർഗ്ഗൻ കുറിച്ചുള്ളതശേഷമപ്പോൾ
നന്ദൻ പറഞ്ഞു നിജഗോത്രരോടായ്
മുമ്പേതിലും കൂടുതലായ് ഭവിച്ചു
സ്നേഹാദരങ്ങൾ ജനതക്കു നിന്നിൽ

3 മാനം നശിച്ചാറെ സുബോധമാന്ന
സ്വർലോകനാഥൻ സുരഭീസമേതൻ
വിനഷ്ടദർപ്പൻ ശിരസാ തവാംഘ്രി-
പദ്മത്തെ മുട്ടിച്ചു പുകഴ്ത്തിനിന്നു

4 സ്വർധേനു തൻ ക്ഷീരമൊഴിച്ചു നിന്നെ-
ഗ്ഗോവിന്ദനായി സ്നപനം നടത്തി
സ്വർവാരണോപാഹൃത ദേവഗംഗാ-
ജലത്തിനാൽ ശക്രനമാത്തഹർഷം

5 ഏവം ത്രിലോകേശ! ഭവാൻ മുകുന്ദൻ
ഗോനാഥനായിട്ടഭിഷിക്തനാകെ
വൈകുണ്ഠനാകാതിയിലും ലഭിക്കാ
ത്തൈശ്വര്യമഞ്ചെത്തി തവ പ്രഭാവാൽ

6 ആററിൽ പുലച്ചെക്കൊരുനാൾ വ്രജേശൻ
കുളിക്കവേ രാക്ഷസർ കൊണ്ടുപോയീ
വീണ്ടീടുവാനായ് വരുണാലയത്തെ-
ഗ്ഗമിച്ചു നീ കാരണമർത്ത്യരൂപൻ

7 സംഭ്രാന്തനായ് പാശി സപര്യചെയ്താ-
നുടൻ ഭവാനച്ഛനൊടൊത്തു ചേന്നു
വൃന്ദാവനം പൂകവെ നന്ദഗോപൻ
ബന്ധുക്കളോടോതി ചരിത്രമെല്ലാം

8 ഭവാനെ സാക്ഷാൽ ഹരിയെന്നറിഞ്ഞു
ഭവത്പദം കാണ്മതിനായ് കൊതിക്കും
ജനത്തിനന്യൎക്കു ദുരാപമായ
വൈകുണ്ഠവും കാട്ടി ഭവാൻ ദയാലോ!

9 മോദപ്രവാഹാൽ പരിപൂർണ്ണമായ
കൈവല്യ പാഥോധിയിലേറെനേരം
കുളിച്ചു ഗോപാലരെയങ്ങു പിന്നെ-
ക്കരക്കണച്ചു, ജഗദീശ! ശൗരേ!

10 അസുലഭപരലോകം മുന്നമങ്ങേതുകാലം
കരഗതബദരംപോൽ ഭക്തലോകൎക്കു കാട്ടീ
ഇവിടെ പശുപരൂപൻ ബ്രഹ്മമായ്ത്താൻ വിളങ്ങും
ഗുരുപവനപുരേശൻ മാററണേ സൎവ്വരോഗം

# ഇന്ത്യ എന്തിനുവേണ്ടി നിലകൊള്ളുന്നു?

## (ശ്രീ വിവേകാനന്ദസ്വാമികളുടെ ഒരു പ്രസംഗത്തിൽ നിന്നു് വിദ്യാർത്ഥികൾക്കു് പ്രകടപ്രസംഗത്തിനു് പററിയതു്)

*എ. കരുണാകരമേനോൻ ബി. എ., എൽ. ടി.*

ഇന്ത്യ നശിക്കുകയോ? അങ്ങനെ ഒന്നു സംഭവിച്ചാൽ ഈ ഭൂമുഖത്തുനിന്നു് ആദ്ധ്യാത്മികത ആകെ തുടച്ചുനീക്കപ്പെടും; ധാർമ്മികപരിപൂർണ്ണതകൾ ആകെ തുടച്ചുനീക്കപ്പെടും; മതത്തെക്കുറിച്ചുള്ള മതിപ്പുതന്നെ ആകെ തുടച്ചുനീക്കപ്പെടും; ഉന്നതങ്ങളായ എന്തെല്ലാം ആദർശങ്ങളുണ്ടോ അതെല്ലാം തന്നെ തുടച്ചുനീക്കപ്പെടും. അതിന്റെ സ്ഥാനത്തു് ലോഭമോഹദ്വന്ദ്വങ്ങളാകുന്ന ദേവീദേവന്മാർ പ്രതിഷ്ഠിക്കപ്പെടും. പണമായിരിക്കും അതിലെ പുരോഹിതൻ. കളവും ചതിയും കടുത്ത മാത്സര്യവും ആ ക്ഷേത്രത്തിലെ അടിയന്തരങ്ങളും. മനുഷ്യാത്മാവായിരിക്കും അവിടെ ബലിയർപ്പിക്കപ്പെടുന്നതു്. അങ്ങനെ ഒരിക്കലും സംഭവിക്കയില്ല, സംഭവിച്ചുകൂടാ.

ഇന്ത്യ ഉയർത്തെഴുനീല്ക്കുകതന്നെ ചെയ്യും; കായികമായ ശക്തികൊണ്ടല്ല; ആദ്ധ്യാത്മികശക്തികൊണ്ടു്; സംഹാരത്തിന്റെ ചെങ്കൊടികൊണ്ടല്ല; സ്നേഹത്തിന്റെ, സമാധാനത്തിന്റെ വൈജയന്തികൊണ്ടു്, സന്യാസിയുടെ ബാഹ്യചിഹ്നംകൊണ്ടു്; ധനത്തിന്റെ ശക്തികൊണ്ടല്ല, ഭിക്ഷാപാത്രത്തിന്റെ ശക്തികൊണ്ടു്. നിങ്ങൾ അശക്തരാണെന്നു് ഒരിക്കലും പറയരുതേ! ആത്മാവു് സർവ്വശക്തമാണു്.

ഭാരതത്തിലെ യുവജനങ്ങളേ! നിങ്ങളുടെ മാതൃഭൂമിക്കു് അതു് ആവശ്യമാണു്, ലോകത്തിനുതന്നെ ആവശ്യമാണു്. നിങ്ങളിലുള്ള ദൈവീകഭാവത്തെ തട്ടി ഉണർത്തുക. വിശപ്പും ദാഹവും, ചൂടും തണുപ്പും, എല്ലാം സഹിപ്പാൻ അതു് നിങ്ങളെ ശക്തരാക്കും. വിലപിടിച്ച ഗൃഹങ്ങളിൽ, സുഖഭോഗങ്ങളുടെ നടുവിൽ, ഇരുന്നുകൊണ്ടു്, കേവലം ബാലിശമായ അല്പം മതം ഉപദേശിച്ചുകൊടുക്കുന്ന സമ്പ്രദായം മററു രാജ്യങ്ങൾക്കു് പക്ഷെ നന്നായിരിക്കാം. എന്നാൽ ഇന്ത്യക്കു് കുറെക്കൂടി യാഥാർത്ഥ്യബോധമുണ്ടു്. പുറംപൂച്ചു് കണ്ടുപിടിക്കാൻ സ്വാഭാവികമായിത്തന്നെ ഇന്ത്യക്കു് കഴിയും. നിങ്ങൾക്കു് ത്യാഗം കൂടിയേകഴിയൂ. നിങ്ങൾ മഹത്വത്തിലേക്കു് ഉയരണം. ത്യാഗംകൂടാതെ മഹത്തായ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. പരമപുരുഷൻതന്നെ സ്വയം ബലികഴിച്ചിട്ടാണു് ലോകത്തെ സൃഷ്ടിച്ചതു്. നിങ്ങളുടെ സുഖങ്ങളെല്ലാം, പേരു, ജീവൻതന്നെ, ത്യജിക്കുക. അങ്ങനെ കോടാനുകോടി ജീവന്മാർക്കു് ഈ സംസാരപാരാവാരത്തെ തരണം ചെയ്യുന്നതിനു് ഒരു മനുഷ്യപ്പാലംതന്നെ നിർമ്മിക്കുക. ആദ്യം നമുക്കുതന്നെ ഈശ്വരന്മാരായി ഉയരാം. അതിനുശേഷം മററുള്ളവരെ ഈശ്വരപദത്തിലേക്കു് ഉയർത്താം. സ്വയം ഉണർന്നതിനുശേഷം മററുള്ളവരെ ഉയർത്തുക, ഇതായിരിക്കണം നമ്മുടെ ആദർശം.

— * —

# കടംകഥകൾ

1 ആനക്കൊമ്പിൽ ഉണക്കലരി

2 ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി

3 ഉണ്ടാക്കുന്നവന്നു് ഉപയോഗമില്ല, ഉപയോഗിക്കുന്നവന്നു് അറിവുമില്ല

4 എന്തേ കാണുവതാദ്യമംബുനിധിയിൽ, പേരെന്തു ചൊല്ലും മഴ-
ക്കെ,ന്താണാളുകൾ പുസ്തകങ്ങൾ ശരിയായ് സൂക്ഷിക്കുമസ്സാധനം,
ചന്തത്തോടിതിലഞ്ചിലൊന്നു കുറയും വർണ്ണങ്ങ,ളാദ്യത്തെയോ-
ടന്ത്യം ചേരുകിൽ വൈരിതന്നുടയപേരെന്താണിതിന്നുത്തരം

5 കാൽകറുപ്പൻ മുക്കാൽ ചുവപ്പൻ

6 പാലേകുന്നോരു ജന്തുവിന്നു, മവനീനാഥന്റെ പത്നിക്കുമി-
ന്നാലോചിച്ചൊരു ചേരുമൂന്നുലിപിയിൽ ചൊല്ലേണമെന്നാലതിൽ
ചാലേ മദ്ധ്യമുപേക്ഷ ചെയ്യിലെഴുതാൻ കൊള്ളുന്നതന്ത്യം വെടി-
ഞ്ഞാലോ ഭൂമി,കഥിക്കുവിൻ കടമിതിന്നെന്തുത്തരം ബാലരേ

## സാഹിതീവിനോദം

മിത്രാത്മജാന്തകനെടുത്തു വളർത്തവന്റെ
പുത്രന്റെ പുത്രിയുടെ പുത്രനു പുത്രശത്രു
തസ്യാഗ്രജസ്യരിപുശിഷ്യനു ശിഷ്യകസ്യ
ജ്യേഷ്ഠന്റെ താതനുടെ താതപദം തൊഴുന്നേൻ”

രണ്ടു് വർഷമായി ഈ ശ്ലോകം മാസികത്തിൽ പലതവണ പ്രസിദ്ധപ്പെടുത്തീട്ടും ആരും അർത്ഥം എഴുതി അയക്കാഞ്ഞതു് പരിതാപകരംതന്നെ. ഹാ! അത്രക്കുണ്ടു് ഇന്നത്തെ പണ്ഡിതന്മാരെന്നഭിമാനിക്കുന്ന മഹാശയന്മാരുടെ പുരാണപരിചയം! ഇതാ മുമ്പു് ഇങ്ങനെത്തന്നെ ഒരു ശ്ലോകത്തിന്നു് അർത്ഥം എഴുതിഅയച്ച കല്ലൂഴ നമ്പൂതിരിതന്നെ ഇതിന്നും അർത്ഥമെഴുതി അയച്ചതാണു് താഴെ കൊടുക്കുന്നതു്. “ലക്ഷം മാനുഷർ കൂടും സഭയിൽ ലക്ഷണമുള്ളവർ ഒന്നോ രണ്ടോ” എന്ന കുഞ്ചൻനമ്പ്യാരുടെ വാക്കുകളാണു് ഞങ്ങൾക്കു് ഈ സന്ദർഭത്തിൽ ഓർമ്മവരുന്നതു്.

## അർത്ഥം

മിത്രാത്മജാന്തകൻ=മിത്രാത്മജന്റെ അന്തകൻ–മിത്രാത്മജൻ=മിത്രന്റെ മകൻ–സൂര്യന്റെ പുത്രൻ=യമൻ; അന്തകൻ=ശിവൻ; ശിവനെടുത്തു വളർത്തിയവനാണു് സുകേശൻ–അവന്റെ പുത്രൻ=സുമാലി; അവന്റെ പുത്രി കൈകസി; അവളുടെ പുത്രൻ=രാവണൻ; അവന്റെ പുത്രൻ=ഇന്ദ്രജിത്തു്–അവന്റെ ശത്രു=ലക്ഷ്മണൻ; അവന്റെ അഗ്രജൻ=രാമൻ, അവന്റെ രിപു=പരശുരാമൻ; അവന്റെ ശിഷ്യൻ=ദ്രോണൻ; അവന്റെ ശിഷ്യൻ–അർജ്ജുനൻ; അവന്റെ ജ്യേഷ്ഠൻ=ധർമ്മപുത്രർ; അവന്റെ അച്ഛൻ=യമൻ; അവന്റെ അച്ഛൻ=സൂര്യൻ.

“സൂര്യന്റെ പാദം തൊഴുന്നു”

— * —

# രണ്ട് ധർമ്മിഷ്ഠന്മാർ

പി. രാജമണി

രാമപ്പണിക്കരും കൃഷ്ണമേനവനും കേരളത്തിലെ കേളികേട്ട രണ്ടു കുട്ടികുബേരന്മാരാണ്. കൃഷ്ണമേനവനു ലക്ഷത്തിലധികം പറ നെല്ലു പാട്ടം പിരിയാനുണ്ടു്; പുറമെ അഞ്ചാറു ലക്ഷം ഉറുപ്പിക ബാങ്കുകളിലും മററും നിക്ഷേപിച്ചിട്ടുണ്ടു്. രാമപ്പണിക്കർക്കു പാട്ടം ചുരുക്കമാണ്; എങ്കിലും പത്തുനാല്പതു ലക്ഷം ഉറുപ്പിക കൊടുത്തുവാങ്ങലുള്ള ഒന്നാംക്ലാസ്സ് പുള്ളിയാണദ്ദേഹം. ഇംഗ്ലണ്ടു്, അമേരിക്ക മുതലായ സ്ഥലങ്ങളിൽ ചെന്നു പഠിച്ച് ഉന്നത ബിരുദങ്ങൾ നേടി പേരും പെരുമയുമാർജ്ജിച്ചിട്ടുള്ള ഒരു മഹാനാണ് രാമപ്പണിക്കർ. കൃഷ്ണമേനോനാകട്ടെ, ഇന്ത്യയിലെ ഒരു പ്രമുഖ നിയമവിദഗ്ദ്ധനെന്ന യശസ്സു നേടീട്ടുള്ള മഹാശയനുമാണ്. രണ്ടു പേരുടെ ആൺമക്കളെല്ലാം വലിയ വലിയ പാസ്സുകൾ നേടി രണ്ടായിരവും മൂവ്വായിരവും ഉറുപ്പിക ശമ്പളത്തിൽ ഗൌരവമേറിയ ഉദ്യോഗസ്ഥന്മാരായിട്ടുണ്ടു്. പുത്രന്മാരെക്കാൾ തുലോം യോഗ്യത കൂടിയവരാണ് പുത്രിമാരുടെ ഭർത്താക്കന്മാർ. നമ്മുടെ കുട്ടിക്കുബേരന്മാർ വാർദ്ധക്യദശ പ്രാപിച്ച് അവരവരുടെ ഗൃഹങ്ങളിൽ വിശ്രമിച്ചിരിക്കയാണിപ്പോൾ. യജമാനൻ, യജമാനത്തി, ഒരു വേലക്കാരൻ, ഒരു വേലക്കാരി—കഴിഞ്ഞു കുടുംബച്ചിലവിലേക്കുള്ള അംഗങ്ങൾ. ഒരാൾക്കും ഒരു കാര്യസ്ഥൻ പോലുമില്ല. എന്തിനു കാര്യസ്ഥൻ! പാട്ടക്കാർ ശരിക്കു പാട്ടം വില മുറിച്ചു പണമാക്കി ബാങ്കിലടച്ചു രശീതി കൊണ്ടുവന്നു കൊടുക്കും. എടവാടുകാരും ഗഡുവു തെററാതെ പലിശകണക്കു തീർക്കും. അവർക്കു ഇപ്പോൾ ഒരു കാറിന്റെ ആവശ്യംപോലുമില്ല. അവർക്കു എവിടേയും പോകാനില്ല; അവരെക്കൊണ്ടു വല്ലവർക്കും ആവശ്യമുണ്ടെങ്കിൽ ആവശ്യക്കാർ കാറുകൊണ്ടുവരുമല്ലോ. വളരെ ചുരുക്കം മാത്രമേ സ്നേഹിതന്മാർ അവർക്കുണ്ടായിരുന്നുള്ളു. ഉള്ളവർതന്നെ അവരെച്ചെന്നു കാണുക ദുർല്ലഭമാണ്; കാരണം, ആരും തങ്ങളെ കാണാൻ വരുന്നതു അവർക്കു ഇഷ്ടമായിരുന്നില്ല.

നാട്ടിൽ ഭഗവതിയുടെ പൂരമഹോത്സവം അടുത്തു. പത്തും പതിനെട്ടും വയസ്സു പ്രായമായ കുട്ടികൾ അഞ്ചെട്ടുപേർ ചേർന്നു "പിള്ളർപ്പിരിവിനു" ഇറങ്ങിയിരിക്കയാണ്. അവർ വീടുതോറും കയറിയിറങ്ങി പണം പിരിച്ച് ഒടുവിലൊരു ദിവസം കൃഷ്ണമേനോന്റെ വീട്ടിൽ ചെന്നു. നല്ലകാലം! അദ്ദേഹം ഉമ്മറത്തുതന്നെ നിൽപുണ്ടു്. പിള്ളർ അദ്ദേഹത്തെ കണ്ടു തൊഴുതു വന്ദിച്ച് കയ്യിലുള്ള പിരിവു ലിസ്റ്റ് നീട്ടികാണിച്ചു. കൃഷ്ണമേനോൻ അതു വാങ്ങി മുഴുവനും വായിച്ചുനോക്കി.

"നല്ലതു, കുട്ടികൾ ഭഗവതിയുടെ പൂരമഹോത്സവത്തിനു പണം പിരിക്കാനിറങ്ങിയിരിക്കയാണല്ലെ! ശരി, എല്ലാവരും അകത്തുകടന്നിരിക്കൂ. എനിക്കു നിങ്ങളോടൊന്നു പറയാനുണ്ടു്." എന്നു പറഞ്ഞു അവരെ ഹാളിനകത്തു ഒരു ബെഞ്ചിൽ ഇരുത്തി. അവർക്കെതിരായി ഒരു കസേലയിൽ അദ്ദേഹവും ഇരുന്നു.

"നിങ്ങൾ ഭഗവതിയുടെ പ്രീതിക്കായിക്കൊണ്ടു പൂരമഹോത്സവംകൊണ്ടാടുകയാണു്. ശരി. ഞാനൊന്നു ചോദിക്കട്ടെ. നാം എന്തിനാണു് ജീവിച്ചിരിക്കുന്നതു്? നിങ്ങൾക്കറിയുമോ? ഇല്ല. നിങ്ങൾ കുട്ടികളല്ലെ; അറിയില്ല. ഞാൻ പറയാം. മനുഷ്യനായി ജനിച്ചാൽ മരണപര്യന്തം —ഇഹലോകത്തിൽ—സുഖമായി കഴിയണം. മരിച്ചാൽ—പരലോകത്തിലും സുഖമായിരിക്കണം—മുക്തിനേടണം. ഇഹത്തിൽ സുഖമായിരിക്കണമെങ്കിൽ എന്തുവേണം? പണം! പണം! അതു ധാരാളമുണ്ടായാൽ മാത്രമേ ആഗ്രഹങ്ങൾ സാധിച്ചു സുഖമായിരിക്കാൻ പററൂ. പണമില്ലാത്തവൻ പിണം എന്നല്ലെ പഴഞ്ചൊല്ലു്. അവൻ ശവത്തിനൊക്കുമെ ജീവിച്ചിരിക്കിലും എന്നാണു് മഹാന്മാരുടെ അഭിപ്രായം. എന്തെല്ലാം ആഗ്രഹങ്ങളാണു് മനുഷ്യർക്കുണ്ടാകുക. അതൊക്കെ സാധിക്കാൻ പണം കൂടാതെ കഴികയില്ല. ദീനം വന്നാൽ ചികിത്സിക്കാൻ പണം വേണം; നല്ല ഉടുപ്പുവേണം, ഭക്ഷണം വേണം, ഗൃഹം വേണം; ഭാര്യമക്കൾക്കു ആഭരണംവേണം, മക്കൾ നല്ല നല്ല സാരി, ബ്ലൌസു്, നൈലോൺ, വെൽവെററു് ഒക്കെ ചോദിക്കും. അതിനെല്ലാം പണംതന്നെ വേണ്ടേ? കാറു വേണന്നുതോന്നും; അതു വാങ്ങണം പ്ലെയിനിൽ കയറിപോകാൻ ആശയുണ്ടാകും. തൊട്ടതിനൊക്കെ പണം വേണം. എന്നാൽ മാത്രമെ സുഖജീവിതം എന്നു പറയാൻ പട്ടുള്ളൂ. മരിച്ചാലോ, മുക്തിയാണല്ലോ ആവശ്യം. അതു നല്കുവാൻ അധികാരി മഹാവിഷ്ണുവാണു്. അതിനാൽ മഹാവിഷ്ണുവിനെ നാം പ്രത്യക്ഷമാക്കണം. നിങ്ങൾ ഒരു കാര്യം ചെയ്താൽ ഇതു രണ്ടും എളുപ്പത്തിൽ സാധിക്കും. അദ്ധ്വാനിച്ചു പണം സമ്പാദിക്കുവിൻ. കിട്ടിയപണം പെട്ടിയിൽ ഭദ്രമായി വെച്ചു പൂട്ടുവിൻ താക്കോൽ നിങ്ങളുടെ മുണ്ടിന്റെ തലയ്ക്കൽതന്നെ കെട്ടി സൂക്ഷിക്കണം യാതൊരു സംഗതിവശാലും പെട്ടിതുറക്കരുതു്. പണം മഹാലക്ഷ്മിയാണു്. തുറന്നാൽ അവൾ ചാടിപ്പോകും. ലക്ഷ്മിയുടെ ഭർത്താവാണല്ലോ മഹാവിഷ്ണു. അദ്ദേഹം സന്ധ്യയാകുമ്പോൾ ഭാര്യയെ കാണാതെ അന്വേഷിച്ചു പുറപ്പെടും. അവൾ നിങ്ങളുടെ പെട്ടിക്കകത്തുണ്ടെന്നറിഞ്ഞു വിഷ്ണു അവിടെ വന്നു പാടുകിടക്കും. പെട്ടിതുറന്നു ഭാര്യയെ പുറത്തു ചാടിക്കാൻ അദ്ദേഹം പതിനെട്ടടവും പയററിനോക്കും. അതിലും നിങ്ങൾ പെട്ടുപോകരുതു്. ഒരിക്കലും പൂട്ടിയപെട്ടി തുറന്നു പോകരുതു്. അപ്പോൾ വിഷ്ണുവിന്റെ സാന്നിദ്ധ്യം എപ്പോഴും നിങ്ങളുടെ വീട്ടിലുണ്ടാകും. നോക്കു! എന്തൊരെളുപ്പം! പണം—മഹാലക്ഷ്മി—പെട്ടിക്കകത്തു നിറഞ്ഞിരിക്കുന്നു. പിന്നെ സുഖത്തിന്നെന്തുക്ഷാമം! എല്ലാ സുഖങ്ങളും നമ്മുടേതായിത്തീർന്നു. മഹാവി

ണ്ണു വീട്ടിൽ കാവലുള്ളപ്പോൾ മോക്ഷത്തിനെന്തു പ്രയാസം! ഇതിനെല്ലാം അടിസ്ഥാനം പൂട്ടിയപെട്ടി തുറക്കാതിരിക്കലാണ്. ഓർമ്മവേണം."

"ഒന്നും തരാതെ കഴിച്ചുകൂട്ടാനാണ് ഈ ലെച്ചറ്, തന്നില്ലെങ്കിലും ഇവിടെനിന്നു വിട്ടയച്ചാൽ മതി. പത്തുവീട്ട് കയറിയിറങ്ങുന്നതുകൂടി മുടങ്ങി. ഇവിടെ കയറിയതേ വിഡ്ഢിത്തം" എന്നിങ്ങനെ പിള്ളർ അദ്ദേഹത്തെ മനസാ ശപിച്ചു.

കൃഷ്ണമേനോൻ എഴുനീററ അകത്തുപോയി. "കടാ, പിടാ"ന്നു ചില വാതിലുകളും പെട്ടികളും തുറക്കുന്ന ശബ്ദം പിള്ളർ കേട്ടു- എന്തെങ്കിലും നല്ലൊരു തുക സംഭാവനകിട്ടുമെന്നാശിച്ച് അവർ സന്തോഷിച്ചു.

"ഞാനെന്തുചെയ്യട്ടെ! കുട്ടികൾ പിരിവിന്നുവന്നു; വല്ലതും കൊടുക്കാതിരിക്കാൻ വയ്യാ. എനിക്കാണെങ്കിൽ പെൻഷനില്ല; കൃഷി ഉണക്കമാണെന്നുപറഞ്ഞ് കുടിയാന്മാർ പാട്ടംതന്നിട്ടില്ല; പലിശയും ശരിക്ക് കിട്ടുന്നില്ല; എല്ലാംകൂടി വലിയ ക്ഷാമം; നിത്യച്ചിലവിന്നുതന്നെ ബുദ്ധിമുട്ടായിത്തുടങ്ങി; ഏതായാലും നിങ്ങൾ വന്നില്ലെ; വെറുംകയ്യോടയക്കാൻ പാടുണ്ടോ. ഇതാ, ഇരിക്കട്ടെ" എന്നു പറഞ്ഞു് ഒരെട്ടണ അദ്ദേഹം പിള്ളർക്ക് വഴിവാടുചെയ്തു. ഹാ! എന്തൊരാദർശപുരുഷൻ!!

രാമപ്പണിക്കരാകട്ടെ, കൃഷ്ണമേനവനെ കവച്ചുവെക്കുന്ന പുണ്യവാനാണ്. ഒരു ദിവസം കാലത്തു് എട്ടുമണിക്ക് കൊന്നിക്കുറപ്പു്, എക്കിവലിച്ചു്, വളഞ്ഞുപിരിഞ്ഞു്, എല്ലും തോലും മാത്രമുള്ള എഴുപതുവയസ്സ് കഴിഞ്ഞ ഒരു കൂനിത്തള്ള വടിയും കുത്തി പതുക്കെപ്പതുക്കെ പിച്ചക്കുവന്നു. രാമപ്പണിക്കർ മാളികമുകളിൽ എന്തോ ജോലിയിലേർപ്പെട്ടിരുന്നതുകൊണ്ടു് തള്ള വരുന്നതു് കണ്ടില്ല. അദ്ദേഹത്തിന്റെ ഭാര്യ ആ തള്ളയെ കണ്ടു് വീട്ടിനു പിൻവശം വരാൻ ആഗ്യംകാട്ടി. അവർ ഈശ്വരഭക്തിയും ധർമ്മിഷ്ഠയുമായ ഒരു മഹിളാരത്നമാണ്. ആ സാധ്വി തള്ളക്ക് ഇരുനാഴി അരി കൊടുത്തു അദ്ദേഹം കാണാതെ ഒളിഞ്ഞു പുറത്തേക്കുപോകാൻ പറഞ്ഞു. എട, ഗ്രഹപ്പിഴേ! തള്ള പടികയറിപ്പോകുന്നതു് അദ്ദേഹത്തിന്റെ കണ്ണിൽ പെട്ടു.

"ഹേ, തള്ളേ! ഇങ്ങോട്ടുവാ" എന്നു രാമപ്പണിക്കർ ഉറക്കെ വിളിച്ചു.

തള്ള തിരിഞ്ഞുനോക്കിയപ്പോൾ വലിയ യജമാനൻ വിളിക്കുന്നതുകണ്ടു് കൂടുതൽ ഭിക്ഷ കിട്ടുമെന്നാശിച്ചു് സന്തോഷത്തോടെ മടങ്ങിവന്നു.

"തള്ളേ! എന്തുതന്നു അമ്മ" എന്നദ്ദേഹം തള്ളയോട്ട് ചോദിച്ചു.

“യജമാനനേ! ഇതാ ഈ അരി അമ്മ തന്നതാണു്” എന്നുപറഞ്ഞു് തള്ള ആ അരി കാണിച്ചുകൊടുത്തു.

രാമപ്പണിക്കർ “എടീ കല്യാണി” എന്നു് ഭാര്യയെ ഉറക്കെ വിളിച്ചു. ഹാ! തന്റെ ഭാഗ്യം! കൂടുതൽ തരാനാണു് അദ്ദേഹം ഭാര്യയെ വിളിച്ചതു് എന്നു് നിനച്ചു് തള്ള സന്തോഷിച്ചു.

രാമപ്പണിക്കരുടെ ഭാര്യ കല്യാണിഅമ്മ പേടിച്ചുവിറച്ചു് പററിപ്പളുങ്ങി അടുത്തുവന്നു.

“എടീ പാപീ! നീ ഭിക്ഷകൊടുത്തു് പാപം വർദ്ധിപ്പിച്ചു് ദൈവകോപത്തിനിരയാക്കി കുടുംബത്തെ കുട്ടിച്ചോറാക്കി നശിപ്പിക്കാറാണോ തുടങ്ങുന്നതു്? എത്ര പറയാം നിന്നോടു്! ഇത്തരക്കാർ ദൈവം ഉപേക്ഷിച്ചവരാണു്; അതാണു് ഈ സ്ഥിതി അവർക്കു് വന്നിട്ടുള്ളതു്. അതു് അവർ അനുഭവിക്കുകതന്നെ വേണം. ദൈവം ഉപേക്ഷിച്ചവരെ നീ സഹായിച്ചാൽ അതു് വലുതായ ദൈവകോപത്തിന്നിടയാകും. ആയിരം തവണ ഞാനിതു് നിന്നോടുപദേശിച്ചിട്ടുണ്ടു്. നീ പുല്ലുപോലെ എന്റെ വാക്കുകളെ നിരസിക്കുകയാണു്. പോ, നില്ലണ്ട അവിടെ. ഇനിയൊരിക്കൽ ഉങ്ങനെ ചെയ്തുകണ്ടാൽ അതിനുശേഷം കാണിച്ചുതരും.” എന്നിങ്ങനെ അദ്ദേഹം ഭാര്യയെ അതിക്ഷേപിച്ചു് തള്ളയുടെ ചട്ടിയിൽനിന്നു് കൊടുത്ത അരി തിരികെ കൊട്ടിയെടുത്തു് ആ തള്ളയെ—ഹാ കഷ്ടം! ഒരാട്ടുകൊടുത്തു പടിക്കുപുറത്താക്കി വാതിലടച്ചു!! മഹാധർമ്മപ്രഭോ! നീണാൾ വാഴ്ക.

---

N. B. ഈ കഥ ആരേയും സൂചിപ്പിക്കുന്നില്ല; കേവലം സാങ്കല്പികം മാത്രമാണു്.

# യുദ്ധം

വിദ്യാർത്ഥികൾക്കു പ്രകട പ്രസംഗത്തിനു പററിയതു്

*എൻ. ജെ. ഫ്രാൻസീസ്, എം. എ, ചാലക്കുടി.*

യുദ്ധം! ചരിത്രാരംഭകാലം മുതല്ക്കേ പരിഷ്കൃത മനുഷ്യർ പരസ്പരം പടവെട്ടിത്തുടങ്ങി. ആദ്യമാദ്യം ആത്മരക്ഷയ്ക്കു വേണ്ടി ഒററയ്ക്കൊററയ്ക്കായിരുന്നു. അനന്തരം സമൂഹങ്ങൾ തമ്മിൽ; യുദ്ധമായി—പിന്നീടു് രാഷ്ട്രങ്ങൾ തമ്മിൽ അനന്തരം സാമ്രാജ്യങ്ങൾ തമ്മിൽ—ഇപ്പോൾ ലോകം മുഴുവൻ രണ്ടു് ഭീമകായരായ ഗുസ്തിക്കാരെപ്പോലെ ചോടുറപ്പിച്ചു് നില്ക്കുന്നു. രണ്ടർദ്ധഗോളങ്ങൾ തമ്മിലാണു് ഇപ്പോഴത്തെ യുദ്ധം! ഒരു നാണ്യത്തിന്റെ ഇരുപുറവും തമ്മിലാണു് യുദ്ധം! ആശയപ്പൊരുത്തമില്ലായ്മയാണു് ആരംഭകാരണം. ആദ്യം മനസ്സുകൊണ്ടു്; പിന്നെ വചസ്സുകൊണ്ടു് അവസാനം വപുസ്സുകൊണ്ടു്—ആശയപ്പൊരുത്തമില്ലായ്മയിൽനിന്നു് തുടങ്ങി ജീവിതപ്പൊരുത്തമില്ലായ്മയിൽ വൃദ്ധിതേടി, അടിപിടിയിൽ കാര്യം തീരുമാനിക്കുന്ന യുദ്ധം തന്നെയാണു് ആററം യുഗത്തിലെ പരിഷ്കൃതമനുഷ്യന്റെയും ആത്മവിനാശയുദ്ധം. പ്രാകൃത മനുഷ്യന്റേതിൽനിന്നു്, മൃഗീയവാസന, ശാസ്ത്രീയമായി അഭിവൃദ്ധിപ്പെട്ടു് ആഗോളവിനാശത്തിന്നു് "ആസ്ഥപ്പാടു്" കൂട്ടുകയാണു്, പരിഷ്കൃത മനുഷ്യന്റെ യുദ്ധപരിഷ്കാരം പരമകോടിയെ ആരോഹണം ചെയ്തിരിക്കുന്നു. പരമാണുകൊണ്ടു് പ്രപഞ്ചം തച്ചുതരിപ്പണമാക്കുവാൻ തനിക്കു് കഴിയുമെന്നാണു് അവന്റെ അഹങ്കാരം.

"സമ്മിററു് സമിതി സമാപ്തമായി; പരസ്പരം കുററാരോപണം ചെയ്തവസാനിച്ചു. സംശയാലുക്കളും സ്വാർദ്ധാലുക്കളുമായ രണ്ടുകൂട്ടർ ആശയപ്പൊരുത്തമില്ലായ്മയുടെ പേരിൽ വീണ്ടും ഭിന്നിച്ചു —രണ്ടു് വ്യക്തികളുടെ കെപ്പടത്തിലൊതുങ്ങി നില്ക്കുകയാണു് രണ്ടർദ്ധഗോളങ്ങൾ! ആ വ്യക്തികളുടെ തലച്ചോറിനെ ആശ്രയിച്ചിരിക്കുന്നു ലോകത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ!

ദൈവത്തോളം ഉയർന്നുവന്ന മനുഷ്യജീവി എത്രമാത്രം പിശാചായിത്തീരാമെന്നു് യുദ്ധങ്ങൾ കാണിച്ചുതരുന്നു. സംഹാരതാണ്ഡവംകൊണ്ടു് നരകസഹസ്രങ്ങൾ സൃഷ്ടിക്കുന്ന മനുഷ്യൻ, ആകാശഗോളങ്ങളിലേക്കു് പര്യടനം നടത്തുന്ന മനുഷ്യൻ, ഭൂഗോളത്തെ ഭസ്മീകരിക്കാനുള്ള മാരകായുധങ്ങൾ നിർമ്മിച്ചു് കൃതകൃത്യനാവുകയാണു്. സ്വയം കൃതാനർത്ഥപരമ്പരകളിൽ കിടന്നുഴലുന്ന മനുഷ്യലോകം, സ്വയംകൃതമായ സമൂഹനാശത്തിന്നു് തയ്യാറെടുക്കുകയാണു്. ശക്തിഭദ്രന്മാരുടെ സംഹാരസാഹസംകൊണ്ടു് ലോകം മുഴുക്കെ ചുടലപ്പറമ്പാക്കുന്നതുകൊണ്ടു് ആർക്കാണൊരു ലാഭം? യുദ്ധഭീതിയിലിട്ടു് രാഷ്ട്രങ്ങളെ വലിച്ചിഴക്കുന്ന ശാക്തേയരാഷ്ട്രങ്ങളെന്തിനിങ്ങനെ അഹങ്കരിക്കുന്നു?

മനുഷ്യലോകത്തിനു് മേന്മ കൈവരുത്തുകയെന്നതു് അതിനെ നശിപ്പിച്ചാണോ? ധർമ്മസംഹിതകളും ഈശ്വരപ്രോക്തങ്ങളായ മതോൽബോധനങ്ങളും സംഹാരചാതുര്യമന്ത്രങ്ങളാകുമോ? വൈവിധ്യങ്ങളുടേയും നാനാത്വത്തിന്റേയുമായ ഈ പ്രപഞ്ചസൌന്ദര്യം ഏകഭാവനയിലും ഏകരൂപത്തിലുമിരിക്കണമെന്നു് വ്യാമോഹിക്കുന്ന തത്വസംഹിതയേതായാലും അത്രേ യുദ്ധമുണ്ടാക്കുന്നതും സംഹാരാട്ടഹാസം മുഴക്കുന്നതും.

ഓരോ രാഷ്ട്രവും ഓരോ വ്യക്തിയെന്നപോലെ സ്വതന്ത്രമായും സ്വച്ഛന്ദമായും വർത്തിക്കട്ടെ,—ജീവിക്കട്ടെ! ഒന്നു് മറെറാന്നിന്നു് വിധേയമാവണമെന്നാവശ്യപ്പെടാനാർക്കധികാരമുണ്ടു്—ഒരു തത്വസംഹിത മറെറാന്നിനെ അടിച്ചമർത്തുക സാദ്ധ്യമാണോ?—മനുഷ്യലോകത്തിനു് ആവശ്യമായതും ഉൽഗതിക്കുതകുന്നതുമേതോ അതു് സ്വയമേവ പ്രചരിക്കയും സ്വീകരിക്കപ്പെടുകയും ചെയ്യും. അടിച്ചേല്പിക്കയോ, വെച്ചുകെട്ടുകയോ ചെയ്യുന്ന തത്വസംഹിതകൾക്കു് വ്യവസ്ഥിതിയുണ്ടാവില്ല. ഒരാശയം മറെറാരാശയത്തെ അടിമപ്പെടുത്തുന്നതു് ഭൌതികശക്തി പ്രകടനംകൊണ്ടല്ല. "സത്യസൌന്ദര്യം" സ്പദമായ ആശയ പ്രവർത്തനങ്ങൾ സ്വയമേവ പ്രതിഷ്ഠിതമാവും. അനൃതവും അന്യായവും നിർമ്മാർജ്ജനം ചെയ്യപ്പെടും. ഒരാശയത്തെ മറെറാരാളിലോ രാഷ്ട്രത്തിലോ അടിച്ചേല്പിക്കുകയെന്നതു് കാട്ടാളപ്രകൃതിയാണു്; പരിഷ്കൃതാശയമല്ല. എന്നാൽ അപ്രകാരമുള്ള കിരാതപ്രകൃതിതന്നെ വീണ്ടും ശക്തി പ്രകടനംകൊണ്ടു് ഭീഷിണി പരത്തുന്നു.

ആത്മീയപ്രഭാവങ്ങൾ പ്രസംശിച്ചു് ഭൌതികവ്യവസ്ഥിതി ഭസ്മപ്രായമാക്കുന്ന പ്രകടനങ്ങൾ വഞ്ചനാത്മകമാകുന്നു ലോകരക്ഷയുടെ പേരിൽ ത്രിലോകനാശം സാധിക്കുന്നതിന്റെ യുക്തിഭംഗം നമുക്കു് മനസ്സിലാവുന്നില്ല.

യുദ്ധം! അതെന്താണു്? ഭീകരാകാരനായ മനുഷ്യ സമൂഹരക്ഷാസന്റെ രക്തദാഹം തീർക്കൽ! ധിക്കാരാഹങ്കാരമൂർത്തിയായിത്തീരുന്ന ഒരു സാമ്രാജ്യം മറെറാന്നിന്റെ ശവംതിന്നൽ! അതെ, യുദ്ധമെന്നതു് മനുഷ്യരാശി പിശാചുക്കളായിത്തീരുന്ന ഒരു രംഗം സൃഷ്ടിക്കലാണു്!

മനുഷ്യവംശം ലജ്ജിക്കണം! മൃഗങ്ങൾക്കുമില്ല അനാവശ്യവും അകാരണവുമായ കൂട്ടക്കൊല—തിരുക്കുകൾക്കുമില്ല ഇത്തരം സ്വവംശ ഭുഭുക്ഷ! രാക്ഷസർക്കുമില്ലാ ഈ സ്വസ്വവംശാഹുതി! ഇതെന്തൊരു മനുഷ്യലോകമാണു്! വിജ്ഞാനത്തിനും വൈഭവത്തിനും ഭ്രാന്തു് പിടിക്കുന്നു! മനുഷ്യലോകത്തിനു് ഇനിയെന്താണൊരു ഗതി—മനുഷ്യന്റെ അമാനുഷപ്രാഭവങ്ങൾ അവന്റെ ശവക്കുഴിതോണ്ടുന്നതിനു് മാത്രം ഉപകരിക്കുന്നു!

യുദ്ധകൊതിയന്മാരുണ്ടാവാം; സാമ്രാജ്യ ദുർമ്മോഹികളുണ്ടാവാം; മനുഷ്യപിശാചുക്കൾ ലോകത്തെ നശിപ്പിക്കാൻ സന്നദ്ധരാവുമ്പോൾ ദിവ്യമായ മനുഷ്യശബ്ദങ്ങൾ ഉച്ചൈസ്തരം ഉൽഘോഷിക്കട്ടെ! "ഞങ്ങൾക്കു് ജീവിക്കണം യുദ്ധമരുതു്—യുദ്ധമരുതു്"—എന്നു്